# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

**Wednesday,** *the 4th April 1951*

VOL. III] OFFICIAL REPORT [No. 21


The Assembly met in the Legislative Chamber, Trivandrum. at Eleven of the Clock on Wednesday, the 4th April 1951, with Mr. Speaker in the Chair.

## SHORT NOTICE QUESTION

### സ്റ്റേറ ട്രാൻസ്പോർട്ട് ജീവനക്കാരുടെ ശമ്പളം

*൨ (൧) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പ മന്ത്രി സദയം മറുപടി പറയുമോ?

(എ) സ്റ്റേറ ട്രാൻസ്പോർട്ട ജീവനക്കാരിൽ (കണ്ടക്ടറന്മാരിൽ) നിന്നും ഒരു നിവേദനം ൧൯൫൧ ജനുവരിയിൽ ഗവർമ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ആ നിവേദനത്തിൽ പ്രധാനമായി ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(സി) അതേപ്പറ്റി ഗവർമ്മെൻറ എന്തുനടപടികൾ എടുത്തു എന്നുപറയുമോ?

ബഹുമാനപ്പെട്ട നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഡിപ്പാർട്ടുമെണ്ടിലെ ഏതാനും കണ്ടക്ടർമാർ, സ്റ്റാഫ്റന്മാർ ഇവർ ഒപ്പിട്ടിട്ടുള്ള ഒരു നിവേദനം ൧൯൫൧ ജനുവരിയിൽ ഗവർമ്മെൻറിനു ലഭിച്ചിട്ടുണ്ട്.

(ബി) ഡിപ്പാർട്ടുമെണ്ടിലെ ജീവനക്കാക്ക് പ്രമോഷൻ നൽകുന്ന വിഷയത്തിൽ ഗ്രാഡുവേറ്റുകളും അല്ലാത്തവരും തമ്മിൽ ന: ൧ എന്നുള്ള അനുപാതക്രമം (അതായത് ന ഗ്രാഡുവേറ്റുകളെ പ്രമോട്ട ചെയ്തതിനു ശേഷമേ ഒരു അണ്ടർ ഗ്രാഡുവേറ്റിനെ പ്രമോട്ട ചെയ്യു എന്നുള്ള നിയമം) കണ്ടക്ടറന്മാരേയും, സ്റ്റാഫ്റന്മാരേയും സംബന്ധിച്ചിടത്തോളം ഒഴിവാക്കിക്കിട്ടണമെന്നുള്ളതാണ് പ്രധാനമായി ഉന്നയിച്ചിട്ടുള്ള ആവശ്യം.

(സി) ഈ സംഗതി ഗവർമ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഗ്രാഡുവെയിറ്റ്സിനു പ്രമോഷൻ കൊടുത്തുവരുന്നതുകൊണ്ടു അണ്ടർഗ്രാഡ്വേറ്റ്സിനു പ്രമോഷൻ കിട്ടുന്നതിനു വളരെ കാലതാമസം നേരിടുന്നുണ്ടോ?

* The question was put by Sri A. K. Patchu Pillai with the permission of the Chair.




LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: പ്രമോഷൻസ് എൻഫോഴ്സ് ചെയ്യുമ്പോൾ മൂന്ന ഗ്രാഡുവേറ്റ്സിനെ പ്രമോട്ടചെയ്യുമ്പോൾ ഒരു അണ്ടർഗ്രാഡുവേറ്റിനെ പ്രമോട്ട ചെയ്യുകയുള്ളു. അതുകൊണ്ട് അണ്ടർഗ്രാഡുവേറ്റിനു പ്രമോഷൻ കിട്ടുന്നതിനു കാലതാമസം വരും.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഈ നിവേദനത്തിൽ പ്രൈവറ്റ സർവ്വീസ് നടത്തുന്നവരോട ട്രാൻസ്പോർട്ട് സർവ്വീസ് കമ്പീറ്റ ചെയ്യുവാനുള്ള ഇടയുണ്ടാകരുതെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ചോദ്യം മനസ്സിലായില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സംഗതി ഞാനു പറയാം. നാഗർകോവിൽ—തിരുവനന്തപുരം ലൈനിൽ രാത്രി 8 മണി കഴിഞ്ഞാൽ പിറ്റേദിവസം കാലത്തു അഞ്ചര മണിവരെ പ്രൈവറ്റ ബസ്സ് സർവ്വീസ് നടത്തുന്നതിനു പയനീയർ സർവ്വീസിനു ഗവർമ്മെൻറിൽനിന്നും അനുവാദം കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: ഞാൻ പറയുന്നതു കള്ളമല്ലെങ്കിൽ വിശ്വസിച്ചാൽമതി. രാത്രിയിൽ 8 മണിക്കുശേഷം. പിറ്റേദിവസം കാലത്തു അഞ്ചര മണിവരെ നാഗർകോവിൽ—തിരുവനന്തപുരം ലൈനിൽ സർവ്വീസ് നടത്തുന്നതിനു ഒരു പ്രൈവറ്റ എജൻസിയായ പയനിയർ സർവ്വീസിനു, ഗവർമ്മെൻറ് അനുവാദം കൊടുത്തിട്ടുണ്ടു.

I wish to make a bona fide statement in this connection. I challenge the hon'ble Member's statement and that is a lie. If it is a lie I must be permitted to say that his statment is a lie.

**Mr. Speaker:** The hon'ble Minister replied that he is not aware of that.

**Sri. K. P. Nillakanta Pilli.** It is an assertion that I make so far as this point is concerned.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും അവരവരുടെ അറിവു അടിസ്ഥാനമാക്കി ശരിയാണെന്നു ഓരോരുത്തക്കും ബോദ്ധ്യമുണ്ടായിരിക്കാം. മെമ്പറുടെ പ്രസ്താവനയിൽ അടങ്ങിട്ടുള്ള സംഗതികളെപ്പറ്റി അറിഞ്ഞുകൂടാ എന്നു മന്ത്രി പറഞ്ഞതു അതേപടി സ്വീകരിക്കുകയും അന്വേഷണത്തിൽ കൂടുതൽ വിവരങ്ങൾ ഗവർമ്മെൻറിന്റെ അറിവിൽ പെട്ടാൽ വേണ്ട പരിഹാരം ഗവർമ്മെൻറ ഉണ്ടാക്കുമെന്നു കരുതുകയും ചെയ്യുവാനേ തരമുള്ളൂ.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: മെമ്മോറാണ്ടത്തിൽ പ്രൈവറ്റ് സർവ്വീസിനോടു ട്രാൻസ്പോർട്ട സർവ്വീസ് കമ്പീറ്റ ചെയ്യുവാനുള്ള ഇടംകൊടുക്കരുതെന്നു അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫസ്റ്റ് ഗ്രേഡിലേക്കു അവർക്ക് പ്രമോഷൻ കിട്ടുവാനുള്ള കാലതാമസത്തിനു കാരണമെന്താണു?

ശ്രീ. എ. ജെ. ജോൺ: ചിലപ്പോൾ വേക്കൻസി ഉണ്ടായിരിക്കയില്ല. വേക്കൻസി വരുമ്പോൾ കൊടുക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: വേക്കൻസി വന്നില്ലെങ്കിൽ പ്രമോഷനു അർഹതയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: വേക്കൻസി ഇല്ലെങ്കിൽ വേക്കൻസി വരുന്നതുവരെ പ്രമോഷനു കാത്തിരിക്കേണ്ടിവരും.

മിസ്റ്റർ സ്പീക്കർ: മെമ്മോറാണ്ടത്തെ സംബന്ധിച്ചു് വാദപ്രതിവാദം നടത്തണമെങ്കിൽ മെമ്മോറാണ്ടം സഭയുടെ മുമ്പിൽ വച്ചിരിക്കേണ്ടതാണു്,

ശ്രീ. എ. ജെ. ജോൺ: എന്റെ കൈവശം മെമ്മോറാണ്ടത്തിന്റെ രണ്ടു കോപ്പിയുണ്ടു്.

**Mr. Speaker :** The Memorandum shold be placed on the table for the information of the House if that is to be made the subject-matter of discussion. Is that now on the table?

**Sri. A. J. John:** That is now with me.

**Sri. A. K. Patchu Pillai:** Will the Government be pleased to place it before the House so that we may have a discussion on it?

**Mr. Speaker.** It should be made available to the Members of the House for a proper discussion.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: മി. നീലകണ്ഠപിള്ള ചോദിച്ച ചോദ്യത്തിന്റെ ഉത്തരം പറഞ്ഞില്ല. രാത്രി ൻ മണിമുതൽ കാലത്തു അഞ്ചര മണിവരെ പ്രൈവറ്റസെക്രട്ടറിനു് പയനിയർ സപ്ലിമെന്റുകാക്കു് അനുവാദം കൊടുത്തിട്ടുണ്ടോ എന്നു അദ്ദേഹം ചോദിക്കുകയുണ്ടായി. അതിന്റെ മറുപടി എന്താണു്?

മിസ്റ്റർ സ്പീക്കർ: അങ്ങനെ അറിയുന്നില്ലെന്നു് മറുപടി പറഞ്ഞുകഴിഞ്ഞു.

**Sri. K. P. Nilakanta Pillai:** If it may not be out of order, may I request the Speaker to see if the hon'ble Member has any information on the matter to give to this House?

**Mr. Speaker :** Questions of fact were asked and answers thereto given. This House cannot assume the role of a court and proceed to the investigation of details

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, എനിക്കു ആ ഡിപ്പാർട്ടുമെന്റുമായിട്ടു യാതൊരു ബന്ധവുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രമോഷൻസു് കിട്ടാത്തതു് ഗവർമ്മെൻറിനു ലാഭവും സ്റ്റാഫിനു് നഷ്ടവുമാണെന്നവിവരം ഗവർമ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

## Discussion under Rule 43, regarding the Food Situation in the State— *(cont.)*

**Mr. Speaker:** We will now proceed to the discussion under Rule 43 regarding the food situation in the State. Last day, the hon'ble Member, Mr. Balakrishnan Tampi was speaking on this subject. Since I do not find him here now, Mr. Thanu Pillai may speak.

**Sri. A. Thanu Pillai:** Sir, a very important question it is that we are now called upon to discuss. Sir, this question has got very many aspects of it for consideration by this House. The motion is that the food situation may be discussed. The food situation in our State today has many aspects ; quantity, quality, distribution, price, uniformity—all these factors enter into the problem. Sir, at the outset I may say that in regard to these aspects of the problem we have only "bungling." whether it be on the part of this Government or on the part of the Central Government. As regarding quantity, we do not get enough, as for quality—we get very bad quality rice. No doubt, occasionally we get fairly good rice. Distribution is not uniform or equitable. Very often the whole arrangement breaks down. Then



LIBRARY ARCHIVES Kerala Legislative Assembly